# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: T3629

19/02/2013 - ൽ മറുപടിക്ക്

### ദേശീയ ജലപാത നിർമ്മാണപുരോഗതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ<br>ശ്രീ. എളമരം കരീം<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീമതി. കെ.കെ.ലതിക | | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ദേശീയ ജലപാത നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്; 10.10.2012 -ൽ ജലവിഭവ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട വരുടെ ഒരു യോഗം വിളിച്ചു കൂട്ടുകയും ദേശീയ ജലപാതയുടെ നിർമ്മാണത്തിൽ ഉണ്ടായിട്ടുള്ള തടസ്സങ്ങൾ നീക്കി നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടു ത്തുവാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയ ജലപാത എത്ര ദൂരം ഗതാഗത യോഗ്യമാക്കാൻ കഴിഞ്ഞുവെന്ന് അറിയിക്കാമോ; ഏതെല്ലാം ഭാഗങ്ങൾ, വ്യക്തമാക്കാമോ; | (ബി) | ആകെ 205 കി.മീ ദൈർഘ്യമുള്ള ദേശീയ ജലപാത - 3 ൽ തകഴിയ്ക്കും കൊല്ലത്തി നും ഇടയ്ക്കുള്ള 50 കി.മീറ്ററിൽ 10.63 കി.മീറ്റർ മാത്രം വീതികൂട്ടുവാനും ആഴം കൂട്ടുവാനുമുള്ള ഡ്രഡ്ജിംഗ് പണികൾ അവശേഷിക്കുന്നു എന്ന് IWAI കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം മുഖാന്തിരം അറിയിച്ചി ട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയ ജലപാത എത്ര ദൂരം ഗതാഗതയോഗ്യമാക്കാൻ കഴിഞ്ഞു വെന്നത് സംബന്ധിച്ച വിവരം IWAI ലഭ്യമാക്കിയിട്ടില്ല. |
| (സി) ദേശീയ ജലപാത പൂർണ്ണതോതിൽ ഗതാഗതയോഗ്യമാക്കാൻ പദ്ധതി രൂപീകരിച്ചി രുന്നോ; | (സി) | ഈ പദ്ധതി നടപ്പാക്കുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ IWAI പദ്ധതി രൂപീകരിച്ചി ട്ടുണ്ട്. |
| (ഡി) എങ്കിൽ എത്ര തുകയാണ് വകയിരുത്തി യിരുന്നത്; ഇനി എത്ര തുക കൂടി വേണ്ടിവരു മെന്നാണ് കണക്കാക്കുന്നത്; വിശദമാക്കാമോ; | (ഡി) | ഭൂമി ഏറ്റെടുക്കലിനും ഡ്രെഡ്ജിം ഗിനും പാർശ്വഭിത്തി സംരക്ഷണത്തിനും മറ്റുമായി കേന്ദ്ര ബഡ്ജറ്റിൽ നാളിതുവരെ |

ആകെ 89.74 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇനി എത്ര കോടി രൂപ കൂടി വേണ്ടിവരുമെന്ന വിവരം ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഇൻലാന്റ് വാട്ടർവേയ്സ് അതോരിറ്റി ഓഫ് ഇൻഡ്യ (IWAI) അറിയിച്ചിട്ടില്ല.

(ഇ) പദ്ധതിക്കുള്ള കേന്ദ്രസഹായം പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ സാധ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ഇ) ഈപദ്ധതിക്ക് കേന്ദ്ര സഹായമായി സംസ്ഥാന സർക്കാരിന് തുക ഒന്നും അനുവദിച്ചിട്ടില്ല. ദേശീയജലപാത - 3 (കൊല്ലം-കോട്ടപ്പുറം) ന്റെ വികസനത്തിനായി ഈ പദ്ധതി നടപ്പാക്കുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ IWAI യ്ക്ക് 2012-13 സാമ്പത്തിക വർഷത്തിൽ കേന്ദ്ര ബഡ്ജറ്റിൽ അനുവദിച്ചിരുന്ന 22.48 കോടി രൂപയിൽ 22-02-2013 വരെ 16 കോടി രൂപ വിനിയോഗിച്ചിട്ടുണ്ടെന്നാണ് IWAI കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയം മുഖാന്തിരം അറിയിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ